# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1489** **31.10.2019-ൽ മറുപടിയ്ക്ക്**

## മത്സ്യകർഷകരുടെയും തൊഴിലാളികളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യകർഷകരുടെയും തൊഴിലാളികളുടെയും ആളോഹരി വരുമാനം ഉയർത്തി അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്ന നയം പ്രാവർത്തികമാക്കുന്നതിന് നിലവിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മത്സ്യ ഉൽപ്പാദനം ഇരട്ടിയാക്കാൻ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 21 ഇനം വിവിധ കൃഷി രീതികൾ ഉപയോഗിച്ച് ഉൽപാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി 2019-20 വർഷത്തിൽ ജനകീയ മത്സ്യകൃഷിക്ക് 74.2 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. കൂടാതെ 2019-20 സാമ്പത്തിക വർഷം നീലവിപ്ലവം പദ്ധതിയിലുൾപ്പെടുത്തി അടങ്കൽ തുക 4851 ലക്ഷം രൂപയുടെ പദ്ധതികൾ കേന്ദ്ര അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പൊതു ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് & ഫംങ്ഷനിംഗ് ഓഫ് എഫ്.എം.സി-കൾ എന്ന പദ്ധതിയിൽ നടപ്പുസാമ്പത്തിക വർഷം 295 ലക്ഷം രൂപ വകയിരുത്തി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.<br><br>മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ സ്വായത്തമാക്കാൻ അവർ അംഗമായുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം വഴി എൻ.സി.ഡി.സി ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി (ഐ.എഫ്.ഡി.പി) പ്രകാരം കേന്ദ്ര സബ്സിഡിയോടു കൂടി പലിശരഹിത വായ്പ മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരാണ് പലിശ സബ്സിഡി അനുവദിക്കുന്നത്. കൂടാതെ മത്സ്യഫെഡിന്റെ സഹകരണ സംഘങ്ങൾ വഴി തീരദേശ ലേലം ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. അതുവഴി മത്സ്യത്തിന് ലഭിക്കേണ്ട വില |

ഉറപ്പാക്കുവാൻ ഒരു പരിധി വരെ സാധിക്കുന്നു. അതിനായി സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധന വായ്പയും ലഭ്യമാക്കുന്നു. മത്സ്യവിലയുടെ 1% തുക മത്സ്യത്തൊഴിലാളി ഗ്രൂപ്പിന്റെ സമ്പാദ്യമായി സംഘത്തിൽ അടയ്ക്കുന്നവർക്ക് ഇതിന്റെ അരശതമാനം തുക സർക്കാർ വിഹിതമായി അനുവദിച്ച് ആകെ 1.50% തുക ഉല്പാദന ബോണസ്സായി നൽകുകയും ചെയ്യുന്നുണ്ട്.

ബി) ആധുനിക സാങ്കേതികവിദ്യ പ്രയോജന പ്പെടുത്തി മൂല്യവർദ്ധനവ് വഴി മത്സ്യത്തിന് പരമാവധി വില ലഭ്യമാക്കുന്നതിന് സാധിക്കുന്നുണ്ടോയെന്നും, ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ;

ബി) മത്സ്യത്തിന്റെ വില മൂല്യവർദ്ധിത ഉല്പന്നങ്ങളായ മത്സ്യ അച്ചാർ, ചെമ്മീൻ അച്ചാർ, ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ് എന്നിവ മത്സ്യഫെഡ് ഈറ്റ്സ്, മത്സ്യഫെഡ് ട്രീറ്റ്സ് എന്ന ബ്രാന്റിൽ മത്സ്യഫെഡ് വിപണിയിൽ എത്തിച്ചിട്ടുണ്ട്. ഈ ഉല്പന്നങ്ങളുടെ വിപണനം ഫിഷ് മാർട്ട് വഴി നടത്തുന്നു. പ്രസ്തുത ഉല്പന്നങ്ങളുടെ വിപണനത്തിന് ജില്ലാടിസ്ഥാനത്തിൽ ഡിസ്ട്രിബ്യൂട്ടർ / ഡീലർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ശീതീകരിച്ച മത്സ്യത്തിന്റെയും, ചെമ്മീൻ തോടിൽ നിന്നുള്ള കൈറ്റോൺ ഗുളികകളും മത്സ്യഫെഡ് ഫിഷ്മാർട്ട് വഴി വിപണനം നടത്തുന്നു.

ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി മൂല്യവർദ്ധനവ് വഴി മത്സ്യത്തിന് പരമാവധി വില ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തുടനീളം ആധുനിക ശുചിത്വ പൂർണ്ണമായ മത്സ്യമാർക്കറ്റുകളുടെ ഒരു ശൃംഖല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ദേശീയ മത്സ്യവികസന ബോർഡ്/ കേന്ദ്ര സർക്കാർ ധനസഹായത്തോടെ 39 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് അനുമതി ലഭിച്ചു. ഇതിൽ 36 എണ്ണം പൂർത്തീകരിച്ചു. 2 മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലും മറ്റൊരെണ്ണം പുരോഗമിച്ചു വരികയും ചെയ്യുന്നു. ഇതുകൂടാതെ കിഫ്ബിയിൽ നിന്നുള്ള ധനസഹായത്തോടെ 65 മാർക്കറ്റുകളുടെ നിർമ്മാണത്തിനായി 193.47 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി ട്രാഞ്ചേ 25 പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ കണ്ണനല്ലൂരിൽ 502.00 ലക്ഷം രൂപ അടങ്കൽ തുകയിൽ ഒരു മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്ന പദ്ധതി പരിഗണനയിലാണ്.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ, ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തി കുളങ്ങരയിൽ ഒരു പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും 'ഡ്രിഷ് കേരള' എന്ന പേരിൽ മൂല്യവർദ്ധിത ഉണക്കമത്സ്യ ഉൽപ്പന്നങ്ങളും 'ഫിഷ് മെയ്ഡ്'എന്ന പേരിൽ മൂല്യവർദ്ധിത മത്സ്യ വിഭവങ്ങളും ഉൽപ്പാദിപ്പിച്ചു വിപണിയിൽ എത്തിക്കുന്നു. കൂടാതെ തൃശ്ശൂർ ജില്ലയിലെ ചാവക്കാട് ഒരു സോളാർ ഫിഷ് ഡ്രൈയിംഗ് യൂണിറ്റ് നിർമ്മാണം പൂർത്തീ കരിച്ച് ചാവക്കാട് മുനിസിപ്പാലിറ്റിക്ക് കൈമാറ്റം ചെയ്തു നൽകിയിട്ടുണ്ട്. 2019-20 വർഷത്തിൽ ICZMP (ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റ് പദ്ധതി) പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ ചലീൽ ഗോപാലപേട്ടയിൽ ഒരു സോളാർ ഫിഷ് ഡ്രൈയിംഗ് ഹബ് സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണന യിലാണ്. Society for Assistance to fisherwomen (SAF) മുഖാന്തിരം മൂല്യവർദ്ധിത ഉത്പ്പന്നങ്ങളായ ഉണക്ക മത്സ്യ വിപണനവും തീരമൈത്രി എന്ന ബ്രാന്റ് നാമത്തിൽ വിപണിയിലെത്തിക്കുന്നു. ഓഖി പുനരധി വാസ പദ്ധതിയിലുൾപ്പെടുത്തി 4 കോടി രൂപ അടങ്കൽ തുകയുള്ള വിഴിഞ്ഞം ഫിഷ് പ്രോസസ്സിംഗ് സെന്റർ-ന് അനുമതി നൽകി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കുന്ന തിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

| | |
|---|---|
| സി) മത്സ്യത്തൊഴിലാളി പിടിക്കുന്ന മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനും, സ്വതന്ത്രമായി വില്പനയിൽ ഏർപ്പെടുത്തു ന്നതിനുമുള്ള അവകാശം അവർക്ക് ഉറപ്പാക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | സി) മത്സ്യത്തൊഴിലാളി പിടിക്കുന്ന മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനും സ്വതന്ത്രമായി വില്പനയിൽ ഏർപ്പെടുന്നതിനുമുള്ള അവകാശം അവർക്ക് ഉറപ്പാക്കുന്നതിനുമായി അവർ പിടിച്ചുകൊണ്ടു വരുന്ന മത്സ്യത്തിന് ന്യായമായ വില ഉറപ്പ് വരുത്തുന്നതിന് ഉതകുന്ന മത്സ്യ ലേലം, വിപണനം, ഗുണനിലവാര പരിപാലനം ബിൽ സർക്കാർ പരിഗണനയിലാണ്. |

**സെക്ഷൻ ആഫീസർ**